എക്സസ് നെല്ല് ഗവണ്മെൻറിലേക്ക് കൊടുക്കാൻ തയ്യാറാകുന്ന സമയത്തു് അതിനു മുമ്പതലപ്പെട്ട ഉദ്യോഗസ്ഥന്മാർ പോയി അളപ്പിക്കുന്നുണ്ടു്. എന്നാൽ എല്ലാ സ്ഥലത്തും ഒരുമിച്ചെടുക്കാൻ സാധിച്ചു എന്നു വരുന്നതല്ല. ഒരു ദിവസമോ രണ്ടു ദിവസമോ താമസിച്ചുപോയി എന്നു വരാം. അതു നെല്ല് ശേഖരിക്കുന്നതിനു് എടുക്കുന്ന സമയമാണു്. അല്ലാതെ ഇതിൽപറയുന്നതുപോലെ refusal of the authorities concerned to receive the paddy due to Government after paying the price, അല്ല അതിനു കാരണം. നെല്ലെടുക്കുക എന്നുള്ളതു് വളരെ അത്യാവശ്യമായിട്ടുള്ള ഒരു കാര്യമാണു്. അതു് യാതൊരു വീഴ്ചയും കൂടാതെ എടുക്കുകയും ചെയ്യും. സാഹചര്യങ്ങൾ നിമിത്തം ഒരു സ്ഥലത്തു് എടുത്തു് രണ്ടോ നാലോ ദിവസം കഴിഞ്ഞായിരിക്കും മറ്റൊരിടത്തു നിന്നും എടുക്കുന്നതു്. അല്ലാതെ വേറെ അപകടമൊന്നുമില്ല.

MR. PONNARA G. SREEDHAR : നെല്ല് തയ്യാറായിരിക്കുന്നു, വന്നെടുത്തു കൊള്ളണമെന്നു് നോട്ടീസു കൊടുത്തിട്ടു് ഇതുവരെ എടുത്തിട്ടില്ലെന്നറിയാമോ ?

HON'BLE MR. V. O. MARKOS : നല്ല പരമാത്മികളായ ആളുകൾ എപ്പോഴും അങ്ങനെ ചെയ്യാറുണ്ടു്. അതനുസരിച്ചു് നെല്ലെടുപ്പു് ഉദ്യോഗസ്ഥന്മാർ കഴിയുന്നതും വേഗത്തിൽ പോയി വാങ്ങുകയും ചെയ്യും.

MR. K. SIVARAMA PILLAI : தோவாளை தாலுக்காவிலிருந்து இதுவரையில் எவ்வளவு நெல் வாங்கியிருக்கிறீர்கள்?

HON'BLE MR. V. O. MARKOS : എത്രയെന്നു പറയാൻ നിവൃത്തിയില്ല. നെല്ലു് എടുക്കുന്നുണ്ടു്. പണവും കൊടുക്കുന്നുണ്ടു്

MR. PRESIDENT: Order, order. I take it that the member is not pressing the motion.

MR. PONNARA G. SREEDHAR : I don't press.

MR. PRESIDENT : അടുത്ത അഡ്ജോൺമെൻറ് മോഷനും മി. ശ്രീധരൻതോണ്ടേതാണു്. അതു് ഇങ്ങനെയാണു്:

"I beg leave for an adjournment of the business of the House for the purpose discussing a definite matter of urgent public importance, namely, the grave situation that has arisen due to the arrest on the 15th, 16th and 17th, of certain members of the All-Travancore Cinema Theatre Worker's Union of Trivandrum and due to the alleged manhandling of the arrested workers."

Has the Honourable Prime Minister anything to say ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI: ഇപ്പോൾ സിനിമാവക്കേഴ്സ് യൂണിയൻ എന്ന പേരിൽ രണ്ടു യൂണിയനുകൾ പ്രവത്തിച്ചുവരുന്നതായിട്ടാണ് ഗവണ്മെൻറിന് അറിയാൻ ഇടയായിട്ടുള്ളത്. ശ്രീകുമാർ തിയേറ്ററിൻെറ ഉടമസ്ഥനായ ശ്രീമാൻ സുബ്രഹ്മണ്യം അവർകൾ അദ്ദേഹത്തിൻെറ കീഴിൽ ജോലിയിൽ ഇരുന്നിരുന്ന ഏതാനുംപേരെ കാരണവശാലോ കാരണമില്ലാതെയോ ഡിസ്മിസ്സ് ചെയ്കയുണ്ടായി. അവർ ആദ്യത്തെ യൂണിയനിലെ അംഗങ്ങൾ ആയിരുന്നു. അങ്ങിനെ ഡിസ്മിസ് ചെയ്തതിനുശേഷം വേറൊരു യൂണിയനും തിരുവനന്തപുരത്തു സ്ഥാപിക്കുകയുണ്ടായി. അതിൻെറ പ്രതിഷേധമായിട്ടോ, ശ്രീമാൻ സുബ്രഹ്മണ്യം അവർകളുടെ നടപടികളിലുള്ള പ്രതിഷേധമായിട്ടോ ആദ്യത്തെ യൂണിയനിൽ അംഗമായിരുന്നവരും ശ്രീമാൻ സുബ്രഹ്മണ്യം അവർകൾ ഡിസ്മിസ് ചെയ്തവരുമായ ഏതാനുംപേർ പിക്കറിംഗ് ആരംഭിച്ചു. പിക്കറിംഗിൻെറ സ്വഭാവം തിയേറ്ററിൻെറ ഗേറ്റിൽ കിടന്ന് മാറ്റുനിരോധനം ചെയ്കയായിരുന്നു. അങ്ങിനെ മാറ്റുനിരോധനംചെയ്ത ഏതാനും ആളുകളെ അറസ്റ്റു ചെയ്തിട്ടുണ്ട്. അതിൻെറ വിവരവും ഈ സഭയെ അറിയിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ൧൪-ാംതീയതി ൧൦ പേരെ അറസ്റ്റുചെയ്തു. അതിൽ ൩ പേരെ പോലീസ് ആക്ട് ൩൨-ാംവകുപ്പനുസരിച്ച് ചാർജ്ജു ചെയ്ത ൧൦ ദിവസംവീതം ശിക്ഷിച്ചിട്ടുണ്ട്. ബാക്കിയുള്ള ൭ പേരെ അടുത്തദിവസം നിരുപാധികം മോചിപ്പിക്കുകയാണ് ചെയ്തത്. ൧൫-ാംതീയതിയും ൧൦ പേരെ അറസ്റ്റുചെയ്തു. അവരും തിയേറ്റർ തൊഴിലാളികളായിരുന്നു. അവരെ ൧൦ പേരെയും മോചിപ്പിച്ചു. ൧൬-ാംതീയതി ൬൩ പേരെ അറസ്റ്റു ചെയ്തു. അതിൽ ൩൩ പേർ മാത്രമേ സിനിമാതൊഴിലാളികളായി ഉണ്ടായിരുന്നുള്ളൂ. അവരെയും മോചിപ്പിച്ചു. ൧൭-ാംതീയതി ൪ പേരെ അറസ്റ്റുചെയ്തു. അവർ ൪ പേരും തിയേറ്റർ തൊഴിലാളികളല്ലായിരുന്നു. അവരുടെ പേരിൽ കേസ്സ് ചാർജ്ജുചെയ്തു കേസ്സ് നിലവിലിരിക്കുകയാണ്. ഈ സംബന്ധിച്ച് ഗവണ്മെൻറിന് യാതൊരു പ്രത്യേക ഭാഗവും പിടിക്കേണ്ട ആവശ്യമില്ലെന്നു മാത്രമല്ല സമാധാനലംഘനം ഉണ്ടാകുമെന്നു വിശ്വസിക്കുന്നതിനുള്ള മതിയായ കാരണം ഉണ്ടെങ്കിൽ മാത്രമേ ഗവണ്മെൻറ് ഇവക സംഗതികളിൽ ഇടപെടണമെന്ന് ഉദ്ദേശിച്ചിട്ടുള്ളൂ. മാറ്റുനിരോധനം ചെയ്യുന്ന ആളുകൾ സ്വമേധയാ മാറാ

LIBRARY ARCHIVES Kerala Legislative Assembly

തിരിക്കുകയാണെങ്കിൽ പോലീസുകാർ സ്റ്റേഷനിൽ കൊണ്ടുപോയി കേസു ചാർജ്ജു ചെയ്യുകയാണു് പതിവു്. അവരെ manhandling ചെയ്തിട്ടുണ്ടെന്നു പറയുന്നതു ശരിയല്ലെന്നാണറിയുന്നതു്. ഇവിടെ പറഞ്ഞ സ്ഥിതിക്കു് അങ്ങനെ ഉണ്ടായിട്ടുണ്ടോ എന്നുള്ളതിനെപ്പറ്റി ഗവണ്മെൻറു് തീർച്ചയായും അന്വേഷിക്കുന്നതാണു്. ഇതിൽ ശ്രീമാൻ സുബ്രഹ്മണ്യം അവർകളും ഗവണ്മെൻറിനെ കുറച്ചൊട്ടുത്തിക്കൊണ്ടു് ചില എഴുത്തുകുത്തുകൾ നടത്തുന്നുണ്ടു്. സുബ്രഹ്മണ്യം അവർകൾ പറയുന്നതു് അദ്ദേഹത്തിനെ വേണ്ടവിധം സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നില്ലെന്നാണു്. ലേബർ യൂണിയൻകാർ പറയുന്നതു് അവരെ അനാവശ്യമായി തടങ്കലിൽ വയ്ക്കുന്നു എന്നാണു്. ഇങ്ങനെ രണ്ടു കൂട്ടർക്കും പരാതി ഉള്ളതുകൊണ്ടുതന്നെ ഗവണ്മെൻറു് ഒരു നിഷ്പക്ഷ നിലയാണു് സ്വീകരിച്ചിരിക്കുന്നതെന്നു് വ്യക്തമാണു്. സമാധാന ലംഘനം ഉണ്ടാകുന്ന അവസരങ്ങളിൽ മാത്രമേ ഗവണ്മെൻറു് ആവശ്യ പ്രകാരമോ അല്ലാതെയോ പോലീസുകാർ ഇടപെടുകയുള്ളു എന്നുള്ളതും വ്യക്തമാണു്. ഏതായാലും ഇതിൽ പറയുന്ന മാതിരി പോലീസുകാരിൽനിന്നും എന്തെങ്കിലും അക്രമം ഉണ്ടായിട്ടുണ്ടോ എന്നു് അന്വേഷിക്കുന്നതിനു് യാതൊരു വൈഷമ്യവും ഇല്ല. അങ്ങിനെ ചെയ്യുകയും ചെയ്യും

MR. PONNARA G. SREEDHAR : ടെയിഡ് യൂണിയൻ ആക്ടു് (27 j) വകുപ്പു് (b) ഉപവകുപ്പനുസരിച്ചു് മി. സുബ്രഹ്മണ്യത്തിന്റെ പേരിൽ കേസെടുത്തിട്ടുണ്ടോ ? ആ ക്ലാസിൽ പറയുന്നതു് ഇങ്ങനെയാണു് :

"to interfere with the formation or administration of any Trade Union or to contribute financial or other support to it."

ഈ വകുപ്പനുസരിച്ചു് ടെയിഡ് യൂണിയൻ പ്രവർത്തനത്തെ വിഫലമാക്കപ്പെടുത്താൻവേണ്ടി അദ്ദേഹത്തിന്റെ തിയേറ്ററിൽവച്ചു് ഒരു യോഗംകൂടി പ്രത്യേകം ഒരു അസോസ്യേഷൻ ഉണ്ടാക്കിവച്ചു് നടത്തുന്നതിന്മേൽ ഗവണ്മെൻറു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

HON'BLE MR. T. K. NARAYANA PILLAI : സിനിമാ തിയേറ്ററിനെ ഒരു ഫാക്ടറിയായി പരിഗണിക്കാമോ എന്നുള്ളതിനെപ്പറ്റി നിയമപരമായ ഉപദേശം വാങ്ങിയതിനുശേഷമേ ഈ വകുപ്പനുസരിച്ചു് എന്തെങ്കിലും നടപടി എടുക്കാമോ എന്നു തീരുമാനിക്കാൻ നിവൃത്തിയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

MR. PONNARA G. SREEDHAR : ട്രേഡ് യൂണിയൻ പ്രവർത്തനത്തിനു വിഘാതം വരുത്തുന്ന എന്തെങ്കിലും ഒരാൾ ചെയ്താൽ നടപടി എടുക്കേണ്ടതാണ്. After the formation of a particular trade union this member has formed another bogus trade union. ആ നിലക്ക മി. സുബ്രഹ്മണ്യത്തിന്റെ പേരിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്നാണ് ചോദ്യം.

HON'BLE MR. T. K. NARAYANA PILLAI : മി. സുബ്രഹ്മണ്യമാണോ രണ്ടാമത്തെ യൂണിയൻ സ്ഥാപിച്ചത് എന്ന് ഗവണ്മെൻറിന് അറിവില്ല. രണ്ടാമതൊരു യൂണിയൻ സ്ഥാപിച്ചിട്ടുണ്ടെന്നറിയാമെന്നല്ലാതെ അതിന്റെ ഉത്തരവാദി ആരാണെന്ന് ഗവണ്മെൻറിന് അറിവായിട്ടില്ല. അതേപ്പറ്റി അന്വേഷണം നടത്തി ആരെങ്കിലും കുറ്റക്കാരാണെന്നു കണ്ടാൽ അവരുടെമേൽ നിയമാനുസരണം നടപടികൾ എടുക്കുന്നതാണ്.

MR. PRESIDENT : I hope the hon'ble member would not press in the light of the explanation given by the Prime Minister.

MR. PONNARA G. SREEDHAR : No, Sir.

MR. PRESIDENT : There is one more motion tabled for adjourning the business of the House. Mr. A Nesamony says :

> "I give notice under rule 18 of the Travancore Legislative Assembly rules that I propose to move an adjournment of the business of the Assembly for the purpose of discussing a definite matter of urgent public importance *viz.*, the unrest and dissatisfaction prevailing among the Tamilians employed in the Kannan devan Hills Produce Company, Devicolam, by the appointment of three Malayalee Labour Welfare Officers reverting three Tamilian Labour Welfare Officers against the rules governing appointments by the General Manager of the said Company pursuant to the instructions given by the Ministers at the instance of Mr. K. C. Mammen Mappillai who at the Alwaye Convention requested the Ministers to see that all Tamilians from Devicolam are evicted within a period of five years and the open declaration by the General Manager that the present Ministry had indicated to him that it is determined to suppress the Travancore Tamil Nad Congress."

Before a ruling is given I would like to know from the Minister whether he has issued instructions to the General Manager of the KDHP Company to oust the workers ?

MR. ABDUL RAZAAK : May I know which of the Ministers will answer this question ?

MR. PRESIDENT : I would like to verify this portion namely, the appointment of welfare officers against the rules governing appointments by the General Manager of the company pursuant to the instructions given by the Ministers.....This is my point. Has the Minister anything to say on this ?

LIBRARY ARCHIVES Kerala Legislative Assembly